# ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുക - സാക് പുന്നൻ

WFTW 29 ജൂലൈ 2012

2 ശമുവേൽ 2:1 ൽ "ദാവീദ് ദൈവത്തോട് ....... ചോദിച്ചു ..........." എന്ന് എഴുതിയിരിക്കുന്നു. 1 ശമുവേൽ 23:2 - 4 ലും 30 : 8 ലും എല്ലാ കാര്യത്തിലും ദൈവഹിതം അന്വേഷിക്കുക എന്ന സ്വഭാവം ദാവീദിൽ സ്ഥിരമായിട്ട് ഉണ്ടായിരുന്നതായി വായിക്കുന്നു. 2 ശമുവേൽ 5:17-25 ൽ ഫെലിസ്ത്യർക്കെതിരെ നടന്ന രണ്ടു യുദ്ധങ്ങളിൽ ദാവീദ് ദൈവഹിതം അന്വേഷിച്ചത് നാം വായിക്കുന്നു. രണ്ടാം തവണ യുദ്ധതന്ത്രം മാറ്റി പുറകിൽ നിന്നും ആക്രമിക്കുവാൻ ദൈവം പറഞ്ഞു. എല്ലാ സമയവും ദൈവം തന്ത്രങ്ങൾ മാറ്റിക്കൊണ്ടിരുന്നു. ദാവീദ് യുദ്ധത്തിന്റെ ആളായിരുന്നു. എല്ലാ സമയത്തും അവനു യുദ്ധതന്ത്രങ്ങൾ ദൈവത്തിൽ നിന്നും ലഭിച്ചു. അതിനാൽ അവൻ എല്ലായ്പോഴും വിജയിച്ചിരുന്നു. രാജ്യത്ത് ഒരു ക്ഷാമമുണ്ടായപ്പോഴും എന്തുകൊണ്ടാണ് ഇതുണ്ടായതെന്നു അവൻ ദൈവത്തോട് ചോദിച്ചു (2 ശമുവേൽ 21:1).

ദൈവഹിതം അന്വേഷിക്കാതിരുന്ന ചില കാര്യങ്ങളും അവന്റെ ജീവിതത്തിൽ ഉണ്ടായിരുന്നു. മൂന്നു ഉദാഹരണങ്ങൾ : 1) ആറ് പേരെ തന്റെ ഭാര്യമാരായി സ്വീകരിച്ചപ്പോൾ (2 ശമുവേൽ 3). 2) ബെത്ശേബയെ തന്റെ അരമനയിലേക്കു ക്ഷണിച്ചപ്പോൾ (2 ശമുവേൽ 11). 3) യിസ്രായേലിന്റെ ജനസംഖ്യ എടുത്തപ്പോൾ (2ശമുവേൽ 24). ഈ മൂന്നു പരാജയങ്ങൾക്കും അവൻ വലിയ വില നൽകേണ്ടിവന്നു. എന്നാൽ ദൈവത്തിന്റെ നടത്തിപ്പിനായി കാത്തിരുന്ന അവസരങ്ങളിലൊന്നും അവൻ തെറ്റിപ്പോയില്ല. ഇത് നമുക്കെല്ലാമുള്ള ഒരു പാഠവും മുന്നറിയിപ്പുമാണ്.

ദാവീദ് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ ആയിരുന്നു. അതോടൊപ്പം ദയനീയമായി പരാജയപ്പെട്ടവനുമായിരുന്നു. അവന്റെ പരാജയങ്ങളുടെ വിവരണം പോലും നമ്മെ ഉത്സാഹിപ്പിക്കുന്നതാണ്. കാരണം പരാജയപ്പെടുന്നവരെപ്പോലും ദൈവത്തിനു എങ്ങനെ ഉപയോഗിക്കാൻ കഴിയുമെന്ന് നാം ഇതിൽനിന്നു പഠിക്കുന്നു. നാമൊക്കെ പലതവണ ദൈവമുമ്പാകെ പരാജയപെട്ടിട്ടുള്ളവരാകയാൽ വേദപുസ്തകത്തിൽ വിശദീകരിച്ചിരിക്കുന്ന ദൈവഭൃത്യന്മാരുടെ പരാജയങ്ങൾ അവരുടെ വിജയങ്ങളേക്കാൾ നമ്മെ ഉത്സാഹിപ്പിക്കുന്നു. നാമൊക്കെ ധാരാളം വിഡ്ഢിത്തരങ്ങൾ കാട്ടി പരാജയപ്പെട്ടിട്ടുള്ളവരാണ്, പ്രത്യേകിച്ചു നാം ചെറുപ്പമായിരിക്കുമ്പോൾ ! ചെറുപ്പമായിരിക്കുമ്പോൾ നമുക്ക് വാശി കൂടുതലും ജ്ഞാനം കുറവുമായിരിക്കും. ചെറുപ്രായത്തിൽ നാം ജ്ഞാനമില്ലാതെ പല കാര്യങ്ങൾ പറയുകയും പ്രവർത്തിക്കുകയും ചെയ്യും. എന്നാൽ ദൈവം കരുണയുള്ളവനാണ്. അവിടുന്ന് പരാജയപ്പെട്ടവരെയും തെരഞ്ഞെടുത്തു തന്റെ ഹൃദയപ്രകാരമുള്ള പുരുഷനും സ്ത്രീയും ആക്കിത്തീർക്കും.

യൂദായിലെ ജനമാണ് ദാവീദിനെ ആദ്യമായി അവരുടെ രാജാവായി അഭിഷേകം ചെയ്തത്. പിന്നീട് അവൻ മുഴുവൻ യിസ്രായേലിന്റെയും രാജാവായി അഭിഷേകം ചെയ്യപ്പെട്ടു (2 ശമുവേൽ 5:3-5). യൂദായുടെ രാജാവാകുമ്പോൾ അവനു മുപ്പതു വയസ്സായിരുന്നു. അടുത്ത ഏഴര വർഷം കാത്തിരുന്നതിന് ശേഷമാണ് അവൻ മുഴുവൻ യിസ്രായേലിനും രാജാവായത്. അതായത് ദൈവം അവനു നൽകിയ വാഗ്ദാനം നിവർത്തിയാകുവാൻ അവനു ഇരുപതു വർഷം കാത്തിരിക്കേണ്ടിവന്നു. അവന്റെ കാത്തിരിപ്പുകാലം ഏതാണ്ട് എബ്രാഹാമിന്റെ കാത്തിരിപ്പ് കാലത്തിനു തുല്യമായിരുന്നു. എന്നാൽ ദാവീദ് ക്ഷമയോടെ കാത്തിരുന്നു. വിശ്വാസത്തോടും ക്ഷമയോടും കൂടെ ദൈവീക വാഗ്ദാനങ്ങൾക്കായി കാത്തിരുന്ന ഇത്തരം ആളുകളുടെ മാതൃക പിന്തുടരുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. ദാവീദ് തനിക്കായി സിംഹാസനം ആരിൽനിന്നും തട്ടിയെടുക്കുകയായിരുന്നില്ല. ദൈവം തന്റെ സമയത്ത് അത് നൽകുന്നതുവരെ അവൻ കാത്തിരുന്നു. ബെത്ശേബയുടെ കാര്യത്തിലും തട്ടിയെടുക്കാതെ ഇതേ മനോഭാവത്തോടെ ഇരുന്നെങ്കിൽ കാര്യങ്ങൾ എത്ര വ്യത്യസ്തമാകുമായിരുന്നു.

നിങ്ങൾക്ക് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഒരു മനുഷ്യനാകണമെങ്കിൽ ഒന്നും തട്ടിയെടുക്കാതിരിക്കുവാൻ പഠിക്കുക. യാക്കോബ് എല്ലാം തട്ടിയെടുക്കുന്നവനായിരുന്നു. അങ്ങനെ തുടർന്നിടത്തോളം അവന് യിസ്രായേൽ ആകുവാൻ സാധിച്ചില്ല. ചുരുട്ടി പിടിച്ച മുഷ്ടികളുമായിട്ടാണ് കുഞ്ഞുങ്ങൾ ജനിക്കുന്നത്. ഒരു കൊച്ചു കുഞ്ഞിന്റെ കൈകളിലേക്ക് നിങ്ങളുടെ വിരൽ വച്ചാൽ ആ കുഞ്ഞു അതിനെ മുറുകെ പിടിക്കും. ആ കുഞ്ഞു വളർന്നു വരുമ്പോൾ കളിപ്പാട്ടങ്ങളും മറ്റു വസ്തുക്കളും തട്ടിയെടുക്കാൻ പഠിക്കുന്നു. തനിക്കായി വസ്തുവകകൾ തട്ടിയെടുക്കുക എന്നത് മനുഷ്യപ്രകൃതമാണ്. നമുക്കുവേണ്ടി വസ്തുവകകൾ പിടിച്ചെടുത്തുകൊണ്ട് ജീവിതകാലം മുഴുവൻ നാം ചെലവഴിക്കുന്നു. സ്ഥാനം, ബഹുമാനം, പണം അങ്ങനെ പലതും നാം പിടിച്ചെടുക്കുന്നു. എന്നാൽ യേശു വ്യത്യസ്തനായിരുന്നു. അവിടുന്ന് തനിക്കായി ഒരു വസ്തുവകകളും പിടിച്ചെടുത്തില്ല. അവിടുന്ന് മുഷ്ടി ചുരുട്ടിപ്പിടിച്ചില്ല. അവിടുത്തെ കൈകൾ എപ്പോഴും മറ്റുള്ളവർക്കുവേണ്ടി തുറന്നിരുന്നു. ഒടുവിൽ തുറന്ന കൈപ്പത്തികളോടെ അവിടുന്ന് കാൽവരിയിൽ ക്രൂശിക്കപ്പെട്ടു. ആ മാതൃകയാണ് നമുക്ക് അനുഗമിക്കുവാനുള്ളത്.വിധേയപ്പെടുക, അവകാശങ്ങൾ വിട്ടുകൊടുക്കുക. മറ്റുള്ളവർക്ക് കൊടുക്കുക, അപ്പോൾ ദൈവം സമൃദ്ധിയായി മടക്കി നൽകും. ദൈവം തന്നെ ഒരു ശുശ്രൂഷയും സ്ഥാനവും അടക്കം ആവശ്യമുള്ളതെല്ലാം നിങ്ങൾക്ക് നൽകും. നിങ്ങൾ അവിടുത്തെ സമയത്തിനായി കാത്തിരിക്കുക മാത്രം ചെയ്യുക. നാമായിട്ട് പിടിച്ചെടുക്കുന്നതിനേക്കാൾ വളരെ നല്ലതാണ്, ദൈവത്തിൽനിന്നും പ്രാപിക്കുക എന്നത്. യാക്കോബിന് തന്റെ ജന്മാവകാശം പിതാവിനെ ചതിച്ചു വാങ്ങേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. ദാവീദിനെ പോലെ കാത്തിരുന്നുവെങ്കിൽ തീർച്ചയായും ദൈവം അത് അവനു നൽകുമായിരുന്നു. നാം എന്തെങ്കിലും തട്ടിയെടുക്കുന്ന ഓരോ സമയത്തും ദൈവത്തിലുള്ള അവിശ്വാസമാണ് നാം പ്രകടിപ്പിക്കുന്നത്.

നിങ്ങൾക്ക് വിവാഹം കഴിക്കണമെന്നവണ്ണം ഒരു ചെറുപ്പക്കാരിയോടോ, ചെറുപ്പക്കാരനോടോ ആകർഷിക്കപ്പെട്ടു എന്ന് കരുതുക. നിങ്ങൾ ഇങ്ങനെ ചിന്തിച്ചു തുടങ്ങാം, "ഞാൻ എത്രയും വേഗം അവളെ / അവനെ തട്ടിയെടുത്തില്ലെങ്കിൽ മറ്റാർക്കെങ്കിലും ലഭിക്കും". ഇത് അവിശ്വാസമാണ്. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നുവെങ്കിൽ ക്ഷമയില്ലാതെ തട്ടിയെടുക്കുന്നവനാകുകയില്ല. പകരം ഇങ്ങനെ പറയും,"ദൈവമേ അവിടുന്ന് എനിക്കായി കരുതി വച്ചിരിക്കുന്ന ആളെ ആർക്കും വിവാഹം കഴിക്കുവാൻ സാധിക്കുകയില്ല". ദൈവം നിങ്ങൾക്കായി ഒരുക്കിവച്ചിരിക്കുന്ന ഏതൊരു ശുശ്രൂഷയുടെ കാര്യത്തിലും ഈ പ്രമാണം ബാധകമാണ്. ആർക്കും അത് തട്ടിയെടുക്കുവാൻ കഴിയുകയില്ല. നിങ്ങൾ ദൈവത്തിനായി കാത്തിരുന്നാൽ അവിടുന്ന് ആ ശുശ്രൂഷയിലേക്ക് നിങ്ങളെ നടത്തും.

ഒരു മനുഷ്യർക്കുമെതിരെ പരാതി പറയാതെ എപ്പോഴും ദൈവത്തിൽ വിശ്വസിക്കുവാൻ പഠിക്കുക. നിങ്ങൾ ഇരുപതു വർഷം കാത്തിരിക്കുവാൻ ദൈവം ഇടയാക്കിയാലും കാത്തിരിക്കുക. ഒടുവിൽ നിങ്ങൾ വളരെ നല്ലൊരു നേതാവായി തീരും. ശൌലും ശലോമോനും ഒരു കാര്യത്തിനും വേണ്ടി കാത്തിരിക്കുവാൻ പഠിച്ചില്ല എന്ന് നാം കാണുന്നു. അവർ സുഖസൗകര്യങ്ങളുടെ നടുവിലേക്ക് ജനിച്ചവരും യാതൊരു വിധ ശോധനകളും, സമ്മർദ്ദങ്ങളും നേരിടാത്തവരും ആയിരുന്നു. ജീവിതം വളരെ സുഖസൗകര്യങ്ങളിൽ ആയിരിക്കുന്നവരെ കുറിച്ചു എനിക്ക് ദു:ഖമുണ്ട്, കാരണം അവർക്ക് ശോധനകളും സമ്മർദ്ദങ്ങളും ഇല്ല. മനുഷ്യരാൽ തള്ളപ്പെട്ട ഒരുവനാണ് ദൈവം തന്റെ ശുശ്രൂഷ ഏൽപ്പിച്ചു കൊടുക്കുന്നത്.

(മൊഴിമാറ്റം: സാജു ജോസഫ്, ആലപ്പുഴ)